ICPS4(B)/16470/16

ഐ.സി.പി.എസ്
സാമൂഹ്യ നീതി വകുപ്പ്
പൂജപ്പുര
തിരുവനന്തപുരം
തീയതി: 20/10/2016

**സർക്കുലർ**

വിഷയം:- സാമൂഹ്യ നീതി വകുപ്പ് -ICPS- ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ പേ റിവിഷൻ അരിയർ തുക ഒടുക്കുന്നത് സംബന്ധിച്ച്

സൂചന:- 1.സർക്കുലർ നമ്പർ 46/2016/Fin തീയതി:19/05/2016

2.സർക്കുലർ നമ്പർ 58/2016/Fin തീയതി:25/06/2016

മേൽ സൂചന സർക്കുലറുകൾ പ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ 01/07/2014 മുതൽ 31/01/2016 വരെയുള്ള കാലയളവിലെ പേ റിവിഷൻ അരിയർ കണക്കാക്കി ആയതിന്റെ 8.7% പലിശ ഉൾപ്പെടെ 01/02/2016 നും 31/07/2017 തീയതിക്കും ഇടയിൽ ഫോറിൻ സർവ്വീസ് എംപ്ലോയർ സർക്കാരിലേക്ക് അടക്കണമെന്ന് ധനകാര്യ വകുപ്പ് നിഷ്കർഷിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ ഐ.സി.പി.എസ്-ന്റെ ജില്ലാ ഘടകമായ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ മേൽ പറഞ്ഞ പ്രകാരം പേ റിവിഷൻ അരിയർ തുക കണക്കാക്കി **"0070-60-800-24 Receipts on PR arrear to Govt.employees on deputation"** എന്ന ശീർഷകത്തിലേക്ക് ഒടുക്കേണ്ടതാണ്. ട്രഷറിയിൽ ഒടുക്കിയ തുകയുടെ വിശദ വിവരങ്ങൾ, പേ ഇൻ സ്ലിപ്പിന്റെ പകർപ്പ്, അരിയർ സ്റ്റേറ്റ്മെന്റ് എന്നിവ മാതൃ വകുപ്പിലെ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (സാമൂഹ്യ നീതി വകുപ്പ്) എന്നിവർക്ക് നൽകേണ്ടതുമാണ്.

പേ റിവിഷൻ അരിയർ ഒടുക്കുന്നതിലേക്ക് ആവശ്യമായ തുക DCPO-Salary എന്ന കമ്പോണന്റ്-ൽ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിൽ നിന്നും ലഭ്യമായ തുകയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

പകർപ്പ്:

1.ICPS 4
2.സ്റ്റോക്ക് ഫയൽ